# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3350 | 14-07-2015-ൽ മറുപടിക്ക്

### വി. മിഷൻ കേരള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 'വി. മിഷൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്രോത്സാഹനവും സഹായവും നൽകുകയാണ് WE മിഷന്റെ പ്രധാന ലക്ഷ്യം. |
| (സി) | വനിതാ സംരംഭകരെ ശക്തിപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) | താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ WE മിഷൻ വഴി വനിതാ സംരംഭകർക്ക് നൽകുന്നു<br>1. തുടർച്ചയായുള്ള ഉപദേശ-നിർദ്ദേശ പിന്തുണ.<br>2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം.<br>3. സാമ്പത്തിക പിന്തുണ.<br>4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ.<br>5. വിപണനത്തിനുള്ള പിന്തുണ. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | കെ.എസ്.ഐ.ഡി.സി.യിൽ WE മിഷന്റെ ഒരു സെൽ സജീവമായി പ്രവർത്തിക്കുന്നു. കുടുംബശ്രീ, ജില്ലാ വ്യവസായ കേന്ദ്രം, എം.എസ്.എം.ഇ, ടി.ഐ. തുടങ്ങിയവയുടെ സഹകരണത്തോടെ വനിതാ സംരംഭകർക്ക് വേണ്ട പിന്തുണ യഥാസമയം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ